LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പഞ്ചായത്തുകൾ ചെലവഴിച്ച തുക

10 (7307) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൊട്ടാരക്കര മണ്ഡലത്തിലെ ഓരോ പഞ്ചായത്തും എത്ര തുക ചെലവഴിച്ചു (1-4-2013 മുതൽ 31-3-2014 വരെ) എന്നും ആയത് അനുവദിച്ച തുകയുടെ എത്ര ശതമാനം ആണെന്നും വ്യക്തമാക്കുമോ ;

(ബി) മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്നും പഞ്ചായത്തുകളിൽ നടന്ന പ്രവൃത്തികളുടെയും ആയതിന് ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ്

11 (7308) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി സോഷ്യൽ ഓഡിറ്റിംഗ് സൊസൈറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതിയിലെ സോഷ്യൽ ഓഡിറ്റിനായി എന്തെല്ലാം കാര്യങ്ങളാണ് സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) സൊസൈറ്റി രൂപീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ വകുപ്പ് 17 ഉപവകുപ്പ് (2) പ്രകാരം, പദ്ധതിയുടെ എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതനുസരിച്ച് 2007 ഒക്ടോബർ 31-ാം തീയതി സംസ്ഥാന സർക്കാർ ഗ്രാമ പഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള രീതിശാസ്ത്രം രൂപീകരിക്കുകയും അതനുസരിച്ച് സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുകയുമാണ്.

(ബി) സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള എല്ലാ വ്യവസ്ഥകളുടെയും തൊഴിലാളികൾക്ക് ലഭ്യമാകേണ്ട മിനിമം അവകാശങ്ങളുടെയും നിമയത്തിൻകീഴിൽ വരുന്ന എല്ലാ ചെലവുകളുടെയും നിർവ്വഹണം സംബന്ധിച്ച ഘടകങ്ങൾ ഉൾപ്പെടുത്തികൊണ്ട് നിയമം അനുശാസിക്കുന്ന രീതിയിൽ ആറ്മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ

12 (7309) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പാലക്കാട് ജില്ലയിലെ നെന്മാറ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തുകളിൽ എത്ര തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നുള്ള പഞ്ചായത്തുതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര തൊഴിലാളികൾക്കാണ് നൂറ് ദിവസം തൊഴിൽ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) തൊഴിലാളികൾക്ക് വേതനം നൽകാൻ കുടിശ്ശികയുണ്ടോ ; എങ്കിൽ ഏത് വർഷംവരെയുള്ള കുടിശ്ശികയാണ് ഉള്ളതെന്ന് വിശദമാക്കുമോ ; ആയത് എന്ന് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly